"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് -മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിലെ ആർട്ട് & ഹെറിറ്റേജ് കമ്മീഷനിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ശ്രീമതി. ദീപ എസ്. നായരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.526/2025/LSGD തീയതി,തിരുവനന്തപുരം, 21-02-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം. 2549/2024/തസ്വഭവ തീയതി 20.10.2022
2. 4.10.2024 ൽ കൂടിയ ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ മുപ്പതാമത് യോഗ നടപടിക്കുറിപ്പ്
3. 29.10.2024, 19.12.2024 തീയതികളിലെ മുഖ്യ നഗരാസൂത്രക & മെമ്പർ സെക്രട്ടറിയുടെ LSGD/PD/33709/2023-TCPB2 നമ്പർ കത്തുകൾ.

**ഉത്തരവ്**

മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന ആർട്ട് & ഹെറിറ്റേജ് കമ്മിഷനിൽ കമ്പ്യൂട്ടർ അസിസ്റ്റന്റായി കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്ന ശ്രീമതി.ദീപ.എസ്.നായരുടെ കരാർ കാലാവധി 31.10.2024-ൽ അവസാനിക്കുന്നതിനാൽ ടിയാളുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് മുഖ്യ നഗരാസൂത്രക & മെമ്പർ സെക്രട്ടറി, ആർട്ട് & ഹെറിറ്റേജ് കമ്മീഷൻ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിലെ ആർട്ട് & ഹെറിറ്റേജ് കമ്മീഷനിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ശ്രീമതി. ദീപ എസ്. നായരുടെ സേവനകാലാവധി കരാർ ദിവസവേതനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ

യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ കരാർ ഒപ്പു വയ്ക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്കു ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1.ചീഫ് ടൗൺ പ്ലാനർ, &മെമ്പർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
2.ശ്രീമതി. ദീപ എസ്. നായർ, കമ്പ്യൂട്ടർ അസിസ്റ്റന്റ്,ആർട്ട് &ഹെറിറ്റേജ് കമ്മീഷൻ,തിരുവനന്തപുരം (ചീഫ് ടൗൺ പ്ലാനർ മുഖാന്തിരം)
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
4.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
5.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
6.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 21-02-2025 16:21:30